പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1769 04.10.2011 ൽ മറുപടിയ്ക്ക്

നിർമ്മാണം ആരംഭിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എവിടെയൊക്കെയാണ് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചത് ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൃശ്ശൂർ ജില്ലയിലെ ചിമ്മിനി (2.5 MW/6.7MU), പൊരിങ്ങൽ കുത്ത് (24MW/45.02MU), പത്തനംതിട്ട ജില്ലയിലെ പെരുന്തേനരുവി (6MW/25.77MU), ഇടുക്കി ജില്ലയിലെ ഇരുട്ടുകാനം - രണ്ടാം ഘട്ടം (1.5MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്ത് അധികമായി ഉൽപ്പാദിപ്പിക്കുക ; | (ബി) ഈ പദ്ധതികളിലൂടെ 34MW വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും. |
| (സി) ഈ പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ? | (സി) ചിമ്മിനി ചെറുകിട ജലവൈദ്യുത പദ്ധതി 2014 ഫെബ്രുവരിയിലും, പെരുന്തേനരുവി 2014 മാർച്ചിലും, പൊരിങ്ങൽകുത്ത് 2014 സെപ്തംബറിലും,ഇരുട്ടുകാനം 2012 മാർച്ചിലും കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ